## പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2415 — 07.02.2019-ലെ മറുപടിയ്ക്ക്

## കായിക താരങ്ങൾക്കും പരിശീലകർക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ.ഇ.പി.ജയരാജൻ<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2020 ലെ ഒളിമ്പിക്സിൽ കേരള താരങ്ങൾക്ക് മെഡൽ നേടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിന് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്നും ഏതൊക്കെ കായിക ഇനങ്ങളിലാണ് പ്രത്യേക പരിശീലനം നൽകുന്നതെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. 2020-2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടു കൂടി വിദഗ്ധ പരിശീലനം ലഭ്യമാക്കിക്കൊണ്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ടി പദ്ധതിയിലെ കായിക ഇനങ്ങൾക്ക് നൽകി വരുന്നുണ്ട്. ഇതിൽ ഷൂട്ടിംഗ്, ആർച്ചറി, അത്ലറ്റിക്സ് എന്നിവയിലെ പരിശീലനം ആരംഭിച്ചിട്ടില്ല.<br>പദ്ധതിയുടെ പ്രാരംഭ ഘട്ടമായി നിലവിൽ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളുടെ പരിശീലനം തിരുവനന്തപുരം ജില്ലയിലും, കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, ബാഡ്മിന്റൺ എറണാകുളത്തും ഫെൻസിംഗ് കണ്ണൂരിലും റോവിംഗ് ആലപ്പുഴയിലും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ കായിക താരങ്ങൾക്കും പരിശീലകർക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ | (ബി) & (സി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങൾ, കേരളത്തെ പ്രതിനിധീകരിച്ച് ദേശീയ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ, കൗൺസിൽ ജീവനക്കാർ, പരിശീലകർ, ജില്ലാ-സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗങ്ങൾ, കായിക മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളിലുമുൾപ്പെടുന്ന കായിക താരങ്ങൾ എന്നിവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് (Accident Insurance ഉൾപ്പെടെ) സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച നടത്തിയതിന്റെ ഭാഗമായി 6 കമ്പനികളിൽ നിന്നും Expression of Interest ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഏത് കമ്പനി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും ഇൻഷ്വറൻസ് പരിരക്ഷ എത്ര ലക്ഷം രൂപയുടേതെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ